LIBRARY ARCHIVES Kerala Legislative Assembly

വൺ ടൈം സെറ്റിൽമെന്റ്

142 [1404] ശ്രീ. തോമസ് ഉണ്ണിയാടൻ:

" ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വൺ ടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തിയ തുമൂലം കടബാധ്യത ഉള്ളവർക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 1-1-2004-നുശേഷം സംസ്ഥാനത്ത് വൺ ടൈം സെറ്റിൽമെന്റിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നും അതു മുഖാന്തിരം എന്ത് തുക തിരിച്ചടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ:

(സി) പ്രസ്തുത സമ്പ്രദായം കടബാധ്യതക്കാർക്ക് ആശ്വാസകരമാണെന്ന വിവരം മനസ്സിലാക്കി കൂടുതൽ സൗജന്യ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കടബാധ്യതക്കാർക്ക് ആശ്വാസകരമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രയോജനകരമായ പദ്ധതികൾ ഭാവിയിലും ആവിഷ്കരിക്കേണ്ടതുണ്ടെങ്കിൽ, ആവശ്യകതയനുസരിച്ച് നടപ്പിലാക്കുന്നതാണ്.

സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനം

143 [1408] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മാർക്കറ്റിംഗ് ഫെഡറേഷനിൽ നടന്ന എന്തെല്ലാം ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തുകയുണ്ടായി;

(സി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകൾ പരിശോധനയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിക്കപ്പെട്ട ക്രമക്കേടുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) മാർക്കറ്റിംഗ് ഫെഡറേഷന്റെ ഏറ്റവും ഒടുവിൽ കണക്കാക്കപ്പെട്ട പ്രവർത്തന നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; സർക്കാർ ഷെയർ പാർട്ടിസിപ്പേഷൻ എത്ര കോടിയുടേതാണ് എന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. 1995-ലെ ശബരിമല ഉത്സവ സീസണിൽ നാളികേരം ശേഖരിക്കുന്നതിന്റെ കുത്തക നേടിയതിൽ, വളരെക്കുറഞ്ഞ അളവിൽ നാളികേരം സംഭരിച്ച് ഫെഡറേഷനു നഷ്ടം വരുത്തിയതു സംബന്ധിച്ച്.

2. ഒരു വർഷത്തേക്കു മാത്രമായി ലഭിച്ച കുത്തക സംഭരണത്തിനായി ശബരിമലയിൽ 15 ലക്ഷം രൂപ മുടക്കി നഷ്ടം ഉണ്ടാക്കിയത്.

3. ഫെഡറേഷൻ നിയമാവലി അനുവദിക്കുന്നില്ലെങ്കിലും, സ്വകാര്യ വ്യക്തികളുമായി ഗോതമ്പ് വ്യാപാരത്തിന് കരാറിൽ ഏർപ്പെട്ട്, കണക്കുകൾ സൂക്ഷിക്കാതെയും, കൃത്രിമം കാട്ടിയും ഫെഡറേഷനു നഷ്ടം വരുത്തിയതു സംബന്ധിച്ച്.

4. അസംസ്കൃത കശുവണ്ടി സംഭരിച്ച് സംസ്കരണം നടത്തുന്നതിനായി സ്വകാര്യ വ്യക്തിയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ ലംഘിക്കുകയും, പ്രസ്തുത വ്യക്തിക്കു ലാഭമുണ്ടാക്കാൻ കൂട്ടു നിൽക്കുകയും, അവിശ്വസനീയമായ കുറവിൽ വിൽപന നടത്തി ഫെഡറേഷനു നഷ്ടം ഉണ്ടാക്കിയതു സംബന്ധിച്ച്.

5. ഫെഡറേഷന്റെ കോഴിക്കോട് ബ്രാഞ്ചിൽ വ്യാജ ഇടപാടുകൾ കാണിച്ച് ഭീമമായ ധനാപഹരണം നടത്തിയതും, വാഹനങ്ങളുടെ നമ്പരുകൾ കാണിച്ച് കയറ്റിയിറക്ക് വകയിൽ ധനാപഹരണം നടത്തിയതും സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

6. നിയമാവലിക്കു വിരുദ്ധമായി, കൽക്കട്ടയിലെ സ്വകാര്യ വ്യക്തികളുമായിച്ചേർന്ന്, റബ്ബർ വ്യാപാരം നടത്തി നഷ്ടമുണ്ടാക്കിയതും, ഫെഡറേഷനു കുടിശ്ശിക വരുത്തിയ വ്യക്തിയെ വ്യാജപേരിൽ മാർക്കറ്റിംഗ് അഡ്വൈസറായി റബ്ബർ വ്യാപാരം നടത്താൻ നിയോഗിച്ച് ക്രമക്കേടുകൾ കാട്ടിയതും, സഹകരണ ചട്ടം 69-നു വിരുദ്ധമായി ഫെഡറേഷൻ ചെയർമാൻ നിയമിക്കുന്ന ആർബിട്രേറ്റർ തീർപ്പ് കൽപ്പിക്കാൻ കരാർ ഉണ്ടാക്കിയതും സംബന്ധിച്ച്.

7. കൽക്കട്ട ബ്രാഞ്ചിൽ നിയമാവലി വ്യവസ്ഥകൾ ലംഘിച്ച് അന്യ സംസ്ഥാനങ്ങളിൽ നിന്നു ചരക്കുകൾ വാങ്ങി വിൽപന നടത്തിയതും, ഭീമമായ തുക പിരിച്ചെടുക്കാതിരുന്നതും സംബന്ധിച്ച്.

8. തൊടുപുഴ താലൂക്ക് മാർക്കറ്റിംഗ് സംഘത്തിൽ നിന്ന് ചരക്കു വാങ്ങിയതായി രേഖയുണ്ടാക്കി കൃത്രിമം നടത്തിയതു സംബന്ധിച്ച്.

9. കൊച്ചി ബ്രാഞ്ചിൽ നിയമാവലി വ്യവസ്ഥകൾ ലംഘിച്ച് സ്വകാര്യ വ്യക്തികളിൽ നിന്ന് യാതൊരു മാനദണ്ഡവും കൂടാതെ കാർഷികോല്പന്നങ്ങൾ വാങ്ങി വില്പന നടത്തി, നഷ്ടം വരുത്തിയതു സംബന്ധിച്ച്.

10. ബോംബെ ബ്രാഞ്ചിൽ അനാവശ്യ ചെലവുകൾ വരുത്തി ഫെഡറേഷനു നഷ്ടമുണ്ടാക്കിയതും പിരിച്ചെടുക്കാനുള്ള തുക പിരിച്ചെടുക്കാതെ നഷ്ടം വരുത്തിയതും സംബന്ധിച്ച്.

11. ഡൽഹി ബ്രാഞ്ചിന്റെ മറവിൽ അനാവശ്യ ചെലവുകൾ നടത്തി ഭീമമായ നഷ്ടം വരുത്തിയതു സംബന്ധിച്ച്.

12. ബന്ധപ്പെട്ടവരിൽ നിന്നും അനുമതി വാങ്ങാതെ മാർക്കറ്റ് നിരക്കിനേക്കാൾ അവിശ്വസനീയമായ കുറഞ്ഞ നിരക്കിൽ ഡൽഹിയിലെ ഫ്ളാറ്റ് വില്പന നടത്തി ഫെഡറേഷനു നഷ്ടം വരുത്തിയതു സംബന്ധിച്ച്.

13. കോഴിക്കോട് റീജിയണൽ ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കു പൊതുമേഖലാസ്ഥാപനം നൽകിയ കമ്മീഷൻ സ്വീകരിക്കാതെ സ്വകാര്യ വ്യക്തിയെ പണി ഏൽപ്പിച്ചു നഷ്ടമുണ്ടാക്കുകയും, പിന്നീടുവന്ന ഭീമമായ തുകയ്ക്കുള്ള ജോലി കമ്മീഷൻ വിളിക്കാതെ സ്വകാര്യവ്യക്തിക്കു നൽകി ഫെഡറേഷനു നഷ്ടം വരുത്തിയതും സംബന്ധിച്ച്.

14. തിരുവനന്തപുരത്ത് ഒരു റീജിയണൽ ഓഫീസ് നിലനിൽക്കെ ഗസ്റ്റ് ഹൗസ്/ലെയ്സൺ ഓഫീസ് എന്ന പേരിൽ ഒരു സ്ഥാപനം തുറന്ന് അന്നത്തെ ഡയറക്ടറും, ചെയർമാന്റെ പുത്രനും സ്വകാര്യ പഠനത്തിനായി താമസിച്ച് അധികാര ദുർവിനിയോഗം നടത്തിയതും സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

15. തളിയത്ത് ഓയിൽ മിൽസുമായി ഉണ്ടാക്കിയ കരാറിൽ ഫെഡറേഷനു നഷ്ടം ഉണ്ടായതും സംബന്ധിച്ച്.

16. സഹകരണ നിയമത്തിനും, ചട്ടത്തിനും വിരുദ്ധമായി ശമ്പള നിർണ്ണയം, ഗ്രേഡ് നിർണ്ണയം, ഓണറേറിയം നൽകൽ, തസ്തിക സൃഷ്ടിക്കൽ, ലീവ് സറണ്ടർ, യാത്രാചെലവ് നൽകൽ, അനധികൃത പ്രൊമോഷൻ, ബോണസ്, സ്വന്തക്കാർക്ക് പരസ്യം തുടങ്ങിയവ നൽകി ഫെഡറേഷനു ഭീമമായ നഷ്ടം ഉണ്ടാക്കിയതും, നിയമാനുസൃത ഓഡിറ്റ് നിലനിൽക്കെ, അതുപ്രകാരം സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കാതെ, നിയമാനുസൃതമല്ലാത്ത ഓഡിറ്റ് നടത്തി ധനദുർവിനിയോഗം നടത്തിയതു സംബന്ധിച്ച്.

17. ആർമി പർച്ചേയ്സ് ഓർഗനൈസേഷനുമായുള്ള വ്യാപാരം സംബന്ധിച്ച്.

18. കശുവണ്ടി സംഭരണത്തിനായി കാലിച്ചാക്കുകൾ വാങ്ങിയതു സംബന്ധിച്ച്.

19. ബിസിനസ്സ് പ്രൊമോഷൻ, ഏജൻസികളെ നിയമിച്ചതു സംബന്ധിച്ച്.

20. തുരിശ് വ്യാപാരവുമായി ബന്ധപ്പെട്ട് അന്വേഷണം

21. ഫെഡറേഷനെ 'നോഡൽ ഏജൻസിയാക്കി' സഹകരണ സംഘങ്ങൾ മുഖേന താങ്ങുവില നൽകി കൊപ്രാ സംഭരിച്ചതിൽ ആരോപിക്കപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച്.

22. ബ്രാഞ്ചുകളിലൂടെ നടത്തിയ കുരുമുളക് വ്യാപാരം സംബന്ധിച്ച്.

(സി) 1. ഫെഡറേഷന്റെ കോഴിക്കോട്, കൊച്ചി ബ്രാഞ്ചുകളിൽ നടന്ന കുരുമുളക്, റബ്ബർ വ്യാപാരത്തെ സംബന്ധിച്ചും താങ്ങുവിലയ്ക്ക് കൊപ്രാ സംഭരണത്തെക്കുറിച്ചും അന്വേഷണം നടക്കുന്നുണ്ട്.

2. മാർക്കറ്റ് ഫെഡ് എംപ്ലോയീസ് അസോസിയേഷൻ മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള ആരോപണങ്ങൾ ഉന്നയിച്ചു സർക്കാരിന് സമർപ്പിച്ച പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ട്.

(ഡി) ആഡിറ്റ് റിപ്പോർട്ടുകളിൽ വെളിപ്പെടുത്തപ്പെട്ട ക്രമക്കേടുകൾകൂടി കണക്കിലെടുത്താണ് സഹകരണ നിയമപ്രകാരമുള്ള വിശദമായ അന്വേഷണം നടത്തിയത്. ഈ അന്വേഷണ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുന്നത്, അന്നത്തെ ഫെഡറേഷൻ ചെയർമാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന ഒരു റിട്ട് ഹർജിയിൽ കോടതിയുടെ നിർദ്ദേശപ്രകാരം നിർത്തി വച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫെഡറേഷനിലെ ഉദ്യോഗസ്ഥൻമാരും, അന്നത്തെ ചെയർമാൻ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ നടത്തിയ വിദേശ യാത്രകൾ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തുകകൾ ഉത്തരവാദികളിൽ നിന്ന് ഈടാക്കാൻ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിപ്പിച്ച ഉത്തരവ്, അന്നത്തെ ചെയർമാനും മറ്റ് ബന്ധപ്പെട്ടവരും ചേർന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന റിട്ട് ഹർജിയിലെ ഇടക്കാല സ്റ്റേ ഉത്തരവ് മൂലം നടപ്പാക്കാനാവാതെയിരിക്കുകയാണ്.

ഫെഡറേഷന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ഭരണസമിതി പിരിച്ചുവിട്ടിരുന്നു. അതിനെതിരെയും ഹൈക്കോടതി വിധി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഭരണം തിരിച്ചു നൽകേണ്ടി വന്നു. 1996-97 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദപ്പെട്ടവർക്കെതിരായി ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ അത്തരം പല ക്രമക്കേടുകൾ സംബന്ധിച്ചും സംസ്ഥാന വിജിലൻസ് വകുപ്പും സി.ബി.ഐ.-യും അന്വേഷണങ്ങൾ നടത്തുകയും അന്വേഷണം പൂർത്തിയായവയ്ക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 1997-98 വരെയുള്ള ആഡിറ്റ് അക്കൗണ്ട്സ് അനുസരിച്ച് സഞ്ചിത നഷ്ടം 63.38 കോടി രൂപയാണ്. 2002-2003-ലെ ഫൈനൽ അക്കൗണ്ട് പ്രകാരം സഞ്ചിത നഷ്ടം 46.16 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 31-3-2004 വരെ 219.96 ലക്ഷം രൂപ ഫെഡറേഷന് ഓഹരിയിനത്തിൽ നൽകിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly